നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **991**

25.01.2018-ലെ മറുപടി

## കോതമംഗലം മുൻസിപ്പാലിറ്റിയിലെ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആന്റണി ജോൺ | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കോതമംഗലം മണ്ഡലത്തിലെ കീരംപാറ പഞ്ചായത്തിനെ ദേശീയ ഗ്രാമീണ ശുദ്ധജല പദ്ധതി (എൻ ആർ ഡി പി എം ) യിൽ ഉൾപ്പെടുത്തി 1400 ലക്ഷം അടങ്കൽ തുകയിൽ ഒരു കുടിവെള്ള പദ്ധതിക്ക് 25.10.2013-ൽ ഭരണാനുമതിയും 5.5.2017 ൽ സാങ്കേതിക അനുമതിയും ലഭ്യമായെങ്കിലും പദ്ധതി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പദ്ധതി ആരംഭിക്കുവാൻ കഴിയാത്ത സാഹചര്യം വിശദീകരിക്കാമോ; | (ബി) പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കുവേണ്ടുന്ന സ്ഥലം ലഭ്യമാക്കുമെന്നുള്ള കീരംപാറ പഞ്ചായത്ത് അധികാരികളിൽ നിന്നും ലഭിച്ച റസല്യൂഷന്റെ അടിസ്ഥാനത്തിലാണ് ഈ പ്രോജക്ടിനു 25.10.2013-ൽ ഭരണാനുമതി ലഭിച്ചത്. എന്നാൽ വിവിധ ഘടകങ്ങൾക്കുവേണ്ടുന്ന സ്ഥലം യഥാസമയം വാട്ടർ അതോറിറ്റിക്ക് കൈമാറി നൽകിയിരുന്നില്ല. ഇതിൽ കിണറിന്റേയും പമ്പ് ഹൗസിന്റേയും സ്ഥലം 15.9.2015 ലും, ട്രീറ്റ്മെൻറ് പ്ലാന്റിന്റെ സ്ഥലം 01.03.2016 ലും മാത്രമാണ് വാട്ടർ അതോറിറ്റിക്കു ലഭിച്ചത്. അറുനൂറ്റിപ്പതിനൊന്ന് മുടിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഭൂതല സംഭരണിക്കു വേണ്ടുന്ന സ്ഥലം പഞ്ചായത്ത് അധികാരികൾ ഇതുവരേയും വാട്ടർ അതോറിറ്റിക്കു കൈമാറിയിട്ടുമില്ല. അതിനാൽ വിവിധ ഘടകങ്ങളുടെ പ്രവൃത്തികൾ യഥാസമയം ആരംഭിക്കുവാൻ കഴിയാതെ വന്നു.<br><br>കാളക്കടവിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കിണറിന്റേയും പമ്പ് ഹൗസിന്റേയും സ്ഥലം |

| | | | |
|---|---|---|---|
| | | | ഭൂതത്താൻ കെട്ട് ഡാമിന്റെ (പി.വി.ഐ.പി. പ്രോജക്ട്) വൃഷ്ടി പ്രദേശത്തായതിനാൽ കിണറിന്റേയും പമ്പ് ഹൗസിന്റേയും ജോലികൾ ജൂൺ/ജൂലൈ മാസങ്ങളിൽ മാത്രമേ ആരംഭിക്കുവാൻ കഴിയുമായിരുന്നുള്ളൂ. ഇതും പദ്ധതി നിർവ്വഹണം വൈകുവാൻ കാരണമായി. |
| (സി) | പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; | (സി) | ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതികളുടെ കേന്ദ്രസർക്കാർ സഹായം ഗണ്യമായി വെട്ടിച്ചുരുക്കുകയും പുരോഗതി കൈവരിക്കാത്ത പദ്ധതികൾക്കു കേന്ദ്രസഹായം നിർത്തലാക്കുകയും ചെയ്ത സാഹചര്യത്തിൽ പദ്ധതി നിർവ്വഹണത്തിനാവശ്യമായ സാമ്പത്തിക സ്രോതസ്സ് ഉറപ്പാക്കാൻ കഴിയാതെ വന്നു. മേൽ കാരണത്താൽ ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യമാണ്. |
| (ഡി) | കീരംപാറ പഞ്ചായത്ത്, വാരപ്പെട്ടി പഞ്ചായത്ത്, നെല്ലിക്കുഴി പഞ്ചായത്ത്, കോതമംഗലം മുൻസിപ്പാലിറ്റി ഇവിടങ്ങളിലെയെല്ലാം കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരമാകുന്ന പ്രസ്തുത കുടിവെള്ള പദ്ധതി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ? | (ഡി) | ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ